## പുണ്യവാള പൂജക്കെതിരെ ഇസ്‌ലാമിന്റെ ജാഗ്രത-2

കെ.എ ഖാദിർ ഫൈസി

# ഇസ്‌ലാമിന്റെ വീക്ഷണം

**പുണ്യവാളന്മാരെക്കുറിച്ച** ഇസ്‌ലാമിന്റെ കാഴ്ചപ്പാട് എന്താണെന്നത് ഈ അന്വേഷണത്തിന്റെ ഒരു സുപ്രധാന ഭാഗമാണ്. അല്ലാഹുവിന്റെ ഇഷ്ട ദാസരാണ് ഔലിയാക്കൾ അഥവാ പുണ്യവാളന്മാർ. അവർക്ക് ഭയമോ ദുഃഖമോ ഉണ്ടാകില്ലെന്ന് ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്. പക്ഷേ, അവരുടെ പ്രകൃതമെന്താണ്? മനുഷ്യരാണോ ദൈവമാണോ? മനുഷ്യരും ദൈവവും ചേർന്നതാണോ? പ്രാക്തന മതങ്ങളിൽ പിന്നീടുണ്ടായ അഭിപ്രായഭിന്നതകൾക്ക് കാരണം ഇത്തരം കാര്യങ്ങളാണ്. അത് ശിഥിലീകരണത്തിനും ആഭ്യന്തര കലഹങ്ങൾക്കും വഴിവെച്ചു. തദ്വിഷയകമായി ഖുർആൻ എന്തു പറയുന്നു, നബി(സ) എന്തു പഠിപ്പിക്കുന്നു?

ഇസ്‌ലാമിക വീക്ഷണപ്രകാരം, പുണ്യവാളന്മാരിൽ അത്യുത്തമൻ പ്രവാചകനായ മുഹമ്മദ് (സ) ആണല്ലോ. അതിനാൽ, അദ്ദേഹത്തെ കുറിച്ച ഇസ്‌ലാമിന്റെ കാഴ്ചപ്പാടെന്താണെന്ന് മനസ്സിലായാൽ ബാക്കി നമുക്ക് തുലനം ചെയ്ത് മനസ്സിലാക്കാം.

മറ്റു പ്രവാചകന്മാരെയും മനുഷ്യരെയും പോലെ മുഹമ്മദ് നബി(സ)യും ഒരു മനുഷ്യനായിരുന്നുവെന്നാണ് ഖുർആൻ ഊന്നിപ്പറയുന്നത്. മാത്രമല്ല, ഈ വസ്തുത തുറന്നു പറയാൻ അല്ലാഹു അദ്ദേഹത്തെ തന്നെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ഖുർആൻ പറയുന്നു: "പ്രവാചകരേ പറയുക: ഞാൻ നിങ്ങളെപ്പോലുള്ള ഒരു മനുഷ്യൻ മാത്രമാണ്. നിങ്ങളുടെ ദൈവം ഏക ദൈവം മാത്രമാകുന്നുവെന്ന് എനിക്ക് ദിവ്യബോധനം ലഭിക്കുന്നുണ്ട്" (*അൽകഹ്ഫ്* 110, *ഫുസ്സിലത്ത്* 6), 'നബിയേ പറയുക: എന്റെ രക്ഷിതാവ് എത്ര പരിശുദ്ധൻ. ഞാൻ ഒരു ദൂതനായ മനുഷ്യൻ മാത്രം" (*അൽ ഇസ്രാഅ്* 93).

മാത്രമല്ല, പൂർവികരായ അവിശ്വാസികൾ ചെയ്തിരുന്നതു പോലെ, മുഹമ്മദ് നബി കേവലമൊരു മനുഷ്യൻ മാത്രമാണെന്ന പേരിൽ, അദ്ദേഹത്തിൽ അവിശ്വസിക്കാനുള്ള ന്യായീകരണം കണ്ടെത്തുകകൂടിയുണ്ടായിട്ടുണ്ട് അന്നത്തെ അവിശ്വാസികൾ. ഖുർആൻ ഉദ്ധരിക്കുന്നു: "ജനങ്ങൾക്ക് സന്മാർഗം വന്നപ്പോൾ അവർ അത് വിശ്വസിക്കുന്നതിന് തടസ്സമായത്, അല്ലാഹു ഒരു മനുഷ്യനെ ദൂതനായി നിയോഗിച്ചിരിക്കുകയാണോ എന്ന അവരുടെ വാക്ക് മാത്രമായിരുന്നു" (*അൽ ഇസ്രാഅ്* 94).

മുൻ പ്രവാചകന്മാരുടെ ജനതയും തങ്ങളുടെ വിശ്വാസത്തിന് തടസ്സമായി ഉന്നയിച്ചത് ഇതുതന്നെ: "അവർ പറഞ്ഞു: നിങ്ങൾ ഞങ്ങളെ പോലുള്ള മനുഷ്യർ മാത്രമാകുന്നു. ഞങ്ങളുടെ പിതാക്കൾ ആരാധിച്ചുവന്നിരുന്നതിൽനിന്ന് ഞങ്ങളെ പിന്തിരിപ്പിക്കാനാണ് നിങ്ങൾ ഉദ്ദേശിക്കുന്നത്. അതിനാൽ, വ്യക്തമായ വല്ല രേഖയും നിങ്ങൾ ഞങ്ങൾക്ക് കൊണ്ടുവന്നുതരൂ. അവരോട് അവരിലേക്കുള്ള ദൂതന്മാർ പറഞ്ഞു: ഞങ്ങൾ നിങ്ങളെ പോലുള്ള മനുഷ്യന്മാർതന്നെയാണ്. എങ്കിലും അല്ലാഹു തന്റെ ദാസന്മാരിൽനിന്ന് താനുദ്ദേശിക്കുന്നവരോട് ഔദാര്യം കാണിക്കുന്നു" (*ഇബ്റാഹീം* 10).

മക്കക്കാർ പരസ്പരം ചോദിച്ചിരുന്ന കാര്യവും ഇതുതന്നെ: "(അവരിലെ) അക്രമികൾ അന്യോന്യം രഹസ്യമായി ഇപ്രകാരം മന്ത്രിച്ചു: നിങ്ങളെ പോലെയുള്ള ഒരു മനുഷ്യൻ മാത്രമല്ലേ ഇത്? എന്നിട്ടും നിങ്ങൾ കണ്ടറിഞ്ഞുകൊണ്ടു തന്നെ ഈ ജാലവിദ്യയുടെ അടുത്തേക്ക് ചെല്ലുകയാണോ?" (*അൽഅമ്പിയാഅ്* 3).

മക്കക്കാരുടെ ഈ വാദഗതിയെ കുറിച്ച് നബി(സ)യെ അല്ലാഹു ബോധ്യപ്പെടുത്തുന്നതിങ്ങനെയാണ്: "നിനക്ക് മുമ്പ് പുരുഷന്മാരെ(ആളുകളെ)യല്ലാതെ നാം ദൂതന്മാരായി നിയോഗിച്ചിട്ടില്ല. അവർക്ക് നാം ബോധനം നൽകുന്നു. നിങ്ങൾ (ഈ കാര്യം) അറിയാത്തവരാണെങ്കിൽ വേദക്കാരോട് ചോദിച്ചുനോക്കുക. അവരെ (പ്രവാചകന്മാരെ) നാം ഭക്ഷണം കഴിക്കാത്ത ശരീരങ്ങളാക്കിയിട്ടില്ല. അവർ നിത്യ ജീവികളായിരുന്നുവല്ലോ."

മാത്രമല്ല, മനുഷ്യർക്ക് മനുഷ്യരിൽ നിന്നുതന്നെ പ്രവാചകന്മാരെ നിയോഗിച്ചത് ഒരനുഗ്രഹമായാണ് ഖുർആൻ എടുത്തുകാണിച്ചത്: "തീർച്ചയായും സത്യവിശ്വാസികളിൽ അവരിൽനിന്നുതന്നെയുള്ള ഒരു ദൂതനെ നിയോഗിക്കുകവഴി അല്ലാഹു മഹത്തായ അനുഗ്രഹമാണ് അവർക്ക് നൽകിയിരിക്കുന്നു" (*ആലുഇംറാൻ* 163). "തീർച്ചയായും നിങ്ങൾക്കിതാ, നിങ്ങളിൽനിന്നുതന്നെയുള്ള ഒരു പ്രവാചകൻ വന്നിരിക്കുന്നു" (*അത്തൗബ* 128). "നമ്മുടെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് ഓതിക്കേൾപ്പിച്ചു തരികയും നിങ്ങളെ സംസ്കരിക്കുകയും നിങ്ങൾക്ക് വേദവും വിജ്ഞാനവും പഠിപ്പിച്ചുതരികയും നിങ്ങൾക്കറിവില്ലാത്തത് നിങ്ങൾക്കറിയിച്ചുതരികയും ചെയ്യുന്ന, നിങ്ങളുടെ കൂട്ടത്തിൽ നിന്നുതന്നെയുള്ള ഒരു ദൂതനെ നിങ്ങളിലേക്ക് നാം നിയോഗിച്ചത് (വഴി നിങ്ങൾക്ക് ചെയ്ത അനുഗ്രഹം) പോലെ തന്നെയാകുന്നു ഇതും" (*അൽബഖറ* 151).

പ്രവാചകൻ ഒരു മനുഷ്യൻ തന്നെയാണെന്ന അവിശ്വാസികളുടെ വാദം ഖുർആൻ അംഗീകരിക്കുക മാത്രമല്ല, അത് ഊന്നിപ്പറയാൻ പ്രവാചകനെത്തന്നെ ചുമതലപ്പെടുത്തുന്നു. എന്നാൽ മനുഷ്യത്വം ദൈവദൂതനെ സംബന്ധിച്ചേടത്തോളം ഒരു ന്യൂനതയല്ലെന്നും പ്രത്യുത മനുഷ്യർക്ക് മനുഷ്യനെത്തന്നെ ദൂതനാക്കുന്നത് അനുഗ്രഹമാണെന്നുമാണല്ലോ ഉപരിസൂചിത വാക്യങ്ങൾ വിളിച്ചോതുന്നത്. മൗലാനാ മൗദൂദി എഴുതുന്നു: "ഒരാൾക്ക് ദൈവിക ദൗത്യം സിദ്ധമാകണമെങ്കിൽ അദ്ദേഹം മനുഷ്യപ്രകൃതത്തിനതീതനാവണമെന്ന ധാരണയാണ് വിഡ്ഢികൾ എക്കാലത്തും വെച്ചുപോന്നിരുന്നത്. അത്ഭുതസിദ്ധികൾ ധാരാളം പ്രകടമാക്കുകയും ഒരാംഗ്യത്താൽ മാല പൊന്നാക്കുകയും ഒരാജ്ഞമൂലം ഭൂഗർഭത്തിലെ നിക്ഷേപങ്ങൾ പുറത്തുവരികയും ഒളിവിലുള്ള സാധനം വെളിവിൽ കൊണ്ടുവരികയും ജനങ്ങളുടെ ഭൂതവും ഭാവിയും പറയാൻ സാധിക്കുകയും രോഗി സുഖം പ്രാപിക്കുമോ മരിക്കുമോ എന്നും, ഗർഭസ്ഥ ശിശു ആണോ പെണ്ണോ എന്നും പറഞ്ഞുകൊടുക്കുകയും മാനുഷിക ദൗർബല്യങ്ങളിൽനിന്നും പരിമിതികളിൽനിന്നും സുരക്ഷിതനാവുകയും ചെയ്താൽ മാത്രമേ ഒരാൾ ദൈവദൂതനാവൂ എന്നായിരുന്നു അവരുടെ വിഭാവനം.... ഇത്തരം ദുർധാരണകളും തെറ്റായ വിഭാവനങ്ങളും നബി(സ)യുടെ സമകാലീനരായ ജനതയെയും പിടികൂടിയിരുന്നു. തിരുമേനി (സ)യുടെ പ്രവാചകത്വവാദം കേട്ടപ്പോഴേക്കും അതിന്റെ സത്യത പരിശോധിക്കാൻ വേണ്ടി അവർ അവിടുത്തോട് അദൃശ്യകാര്യങ്ങൾ ചോദിക്കാൻ തുടങ്ങി. അസാധാരണ സംഭവങ്ങൾ കാട്ടിക്കൊ

ടുപ്പാനാവശ്യപ്പെട്ടു. തിരുമേനി(സ)യെ തികച്ചും ഒരു സാമാന്യ മനുഷ്യനായി കണ്ടപ്പോൾ 'തീറ്റയും കുടിയും നടത്തുന്ന പ്രവാചകൻ', 'മക്കളും ഭാര്യയുമുള്ള പ്രവാചകൻ', 'അങ്ങാടിയിൽ സഞ്ചരിക്കുന്ന പ്രവാചകൻ' എന്നിങ്ങനെ ആക്ഷേപിച്ചു" (*തഫ്ഹീമുൽ ഖുർആൻ* 1/483).

ഇത്തരക്കാരോട് പറയേണ്ട മറുപടി ഖുർആൻ നബി(സ)ക്ക് പഠിപ്പിച്ചുകൊടുത്തത് ഇങ്ങനെയായിരുന്നു: "എന്റെ പക്കൽ അല്ലാഹുവിന്റെ ഖജനാവുകളുണ്ടെന്ന് ഞാൻ നിങ്ങളോട് പറയുന്നില്ല. ഞാൻ അഭൗതിക കാര്യങ്ങൾ അറിയുന്നുമില്ല. ഞാനൊരു മലക്കാണെന്ന് നിങ്ങളോട് പറയുന്നുമില്ല. എനിക്കവതരിച്ചുകൊണ്ടിരിക്കുന്ന ദിവ്യബോധനത്തെ പിൻപറ്റുക മാത്രമാണ് ഞാൻ ചെയ്യുന്നത്" (*അൽഅൻആം* 50). "ഞാൻ എനിക്കുതന്നെ ഒരു ഗുണമോ ദോഷമോ വരുത്താൻ അധികാരമില്ലാത്തവനാകുന്നു. അല്ലാഹു എന്ത് ഇഛിക്കുന്നുവോ അത് മാത്രം സംഭവിക്കുന്നു. സ്വയം അഭൗതികജ്ഞാനമുള്ളവനായിരുന്നുവെങ്കിൽ ഞാൻ എനിക്കുതന്നെ ധാരാളം സൗഭാഗ്യങ്ങൾ നേടിയെടുക്കുമായിരുന്നുവല്ലോ. എനിക്കൊരിക്കലും ദോഷമേൽക്കുകയുമില്ല. എന്നാൽ ഞാനോ എന്റെ സന്ദേശമംഗീകരിക്കുന്നവർക്കുള്ള ഒരു മുന്നറിയിപ്പുകാരനും ശുഭവാർത്തകൾ കേൾപ്പിക്കുന്നവനും മാത്രമാകുന്നു" (*അൽഅഅ്റാഫ്* 188).

ഖുർആന്റെ ഈ പ്രഖ്യാപനങ്ങൾ വിശ്വാസികൾ അതർഹിക്കുന്ന പരിഗണനയിലെടുത്തു. 'മുഹമ്മദിൽ അഭൗതികജ്ഞാനമുണ്ടെന്ന് പറയുന്നവൻ, അല്ലാഹുവിൽ ഭയങ്കരമായ വ്യാജമാണ് ആരോപിച്ചിരിക്കുന്നതെ'ന്ന് ആഇശ(റ) പറഞ്ഞത് ഇതുകൊണ്ടത്രെ. തന്റെ ദൗത്യവേളയിൽ കുടുംബാംഗങ്ങളെയും മക്കയിലെ മറ്റു പ്രമുഖ കുടുംബങ്ങളെയും വ്യക്തികളെയും വിളിച്ചുകൊണ്ട് നബി(സ) ഈ വസ്തുത വെട്ടിത്തുറന്നു തന്നെ പറഞ്ഞു. എല്ലാവരോടും നരകത്തിൽനിന്ന് സ്വയം രക്ഷ നേടണമെന്നും തനിക്കൊന്നും ചെയ്യാൻ സാധ്യമല്ലെന്നുമാണവരോട് പറഞ്ഞത്. പ്രയാസപൂർണമായ ഘട്ടങ്ങളിൽ തനിക്ക് താങ്ങും തണലുമായി നിന്ന പിതൃവ്യൻ അബൂത്വാലിബിനെ രക്ഷപ്പെടുത്താൻ അവസാനഘട്ടത്തിൽ പോലും അവിടുന്ന് കൊതിച്ചു, ശ്രമിച്ചു. പക്ഷേ, ഫലം നിരാശയായിരുന്നു. അവിടുന്ന് ദുഃഖിച്ചു. ഖുർആൻ അദ്ദേഹത്തെ സാന്ത്വനിപ്പിച്ചതിങ്ങനെയായിരുന്നു: "പ്രവാചകരേ, താങ്കൾ ആഗ്രഹിക്കുന്നവരെ സന്മാർഗത്തിലാക്കാൻ താങ്കൾക്കാവില്ല. എന്നാൽ, അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ സന്മാർഗത്തിലാക്കുന്നു. സന്മാർഗം സ്വീകരിക്കുന്നവരെ അവൻ നന്നായറിയുന്നു" (*അൽഖസ്വസ്* 56).

തിരുമേനി(സ)യുടെ ജീവിതം മുഴുവൻ പരിശോധിച്ചാൽ, ഖുർആന്റെ ഈ പ്രഖ്യാപനം അക്ഷരംപ്രതി അവിടുന്ന് അനുയായികളെ ബോധ്യപ്പെടുത്തിയിരുന്നുവെന്നാണ് മനസ്സിലാവുക. ഒരിക്കൽ അവിടുന്ന് പറഞ്ഞു: "ഞാൻ നിങ്ങളെ പോലൊരു മനുഷ്യൻ മാത്രം. നിങ്ങളെ പോലെ ഞാൻ ഓർമിക്കുന്നു, നിങ്ങളെ പോലെ മറക്കുകയും ചെയ്യുന്നു" (മുസ്ലിം). "നിങ്ങൾ തർക്കം തീർപ്പാക്കാൻ എന്നെ സമീപിക്കുന്നു. ഒരു പക്ഷേ നിങ്ങളിൽ ചിലർ തെളിവുകളവതരിപ്പിക്കുന്നതിൽ മറ്റുള്ളവരേക്കാൾ വിദഗ്ധരായിരിക്കും. ഞാൻ, കേൾക്കുന്നതനുസരിച്ചാണ് വിധി പ്രഖ്യാപിക്കുക. അതിനാൽ, തന്റെ സഹോദരന്റെ അവകാശത്തിൽനിന്ന് ഞാനാർക്കെങ്കിലും വിധിക്കുകയാണെങ്കിൽ അയാളത് സ്വീകരിക്കരുത്. കാരണം, നരകത്തിന്റെ ഒരു ഖണ്ഡമാണ് ഞാനയാൾക്ക് വിധിച്ചുകൊടുത്തിരിക്കുന്നത്" (ബുഖാരി).

ചുരുക്കത്തിൽ, സാധാരണ മനുഷ്യരെപ്പോലെയുള്ള വികാരവിചാരങ്ങളുള്ള ആൾതന്നെയാണ് പ്രവാചകൻ. പക്ഷേ, തന്റെ ദൗത്യനിയോഗത്തിനനുരൂപമായ നിലയിൽ അല്ലാഹു അദ്ദേഹത്തെ സുസജ്ജമാക്കിയിരിക്കുന്നുവെന്നു മാത്രം. അതിനാൽതന്നെ, സൃഷ്ടികർമത്തിലും സ്വഭാവത്തിലുമെല്ലാം അദ്ദേഹത്തിന് പൂർണത ലഭിച്ചിരിക്കുന്നു. ഇക്കാരണത്താൽ മാനുഷിക ഗുണങ്ങളിലെന്ന പോലെ തന്റെ നാഥനോടുള്ള കീഴ്വണക്കത്തിലും അദ്ദേഹം പൂർണത കൈവരിച്ചിരിക്കുന്നു.

മനുഷ്യപൂർണത ഏറ്റവും ഉദാത്തമാകുന്നത് ദൈവത്തോടുള്ള വിധേയത്വം പൂർണമാകുമ്പോഴാണ്. കാരണം, സൃഷ്ടികർമത്തിന്റെ ഉദ്ദേശ്യംതന്നെ സ്രഷ്ടാവിനുള്ള അനുസരണവും വിധേയത്വവുമാണല്ലോ. ഇതേറ്റവും പരിപൂർണമായി നിർവഹിക്കുന്ന സൃഷ്ടിയായിരിക്കും പരിപൂർണത നേടുക. ഇതുണ്ടാകുന്നത് പ്രവാചകന്മാരിൽതന്നെയായിരിക്കും. പ്രവാചകന്മാരിൽ പരിപൂർണൻ നബി(സ)യുമാണ്. അവിടുന്ന് ഈ ഉത്തരവാദിത്വം ഏറ്റവും പരിപൂർണമായ രീതിയിൽ നിർവഹിച്ചു. അദ്ദേഹം തൗഹീദ് പ്രബോധനം ചെയ്തു. സ്വേഛയുടെ അടിമത്തത്തിൽനിന്ന് അല്ലാഹുവിന്റെ അടിമത്തത്തിലേക്ക് മനുഷ്യരെ നയിച്ചു. ദൈവാടിമത്തവും ദൈവിക ദൗത്യനിർവഹണവുമാണ് തന്റെ യഥാർഥ പദവിയെന്ന് അവരെ അറിയിച്ചു. അതിലപ്പുറം തന്നിലാരോപിക്കുന്നത് അവിടുന്ന് കണിശമായി നിരോധിച്ചു:

"ഞാൻ അബ്ദുല്ലായുടെ പുത്രൻ മുഹമ്മദ്. ദൈവത്തിന്റെ ദാസനും ദൂതനും. പടച്ചവനാണ, അല്ലാഹു എനിക്ക് നൽകിയ സ്ഥാനത്തിലുപരി എന്നെ നിങ്ങൾ ഉയർത്തുന്നത് ഞാനിഷ്ടപ്പെടുന്നില്ല" (അഹ്മദ്).

മാത്രമല്ല, അതേക്കുറിച്ച് അവിടുന്ന് മുന്നറിയിപ്പ് നൽകുക കൂടി ചെയ്തു: "ക്രൈസ്തവർ മർയമിന്റെ പുത്രനെ ചെയ്തതുപോലെ, നിങ്ങളെന്നെ അമിതമായി വാഴ്ത്തരുത്. ഞാൻ കേവലം അല്ലാഹുവിന്റെ ദാസൻ മാത്രം. അതിനാൽ, അല്ലാഹുവിന്റെ ദാസനെന്നും ദൂതനെന്നും പറഞ്ഞോളൂ" (ബുഖാരി).

സൃഷ്ടികളിൽ മഹോത്തമനാണ് മുഹമ്മദ് (സ) എന്ന് മുസ്ലിംകൾ വിശ്വസിക്കുന്നു. ഉറ്റവരേക്കാളും ഉടയവരേക്കാളും മറ്റെന്തിനേക്കാളും അവർ അദ്ദേഹത്തെ സ്നേഹിക്കുന്നു. തങ്ങളെ അജ്ഞതാന്ധകാരത്തിൽനിന്ന് കൈപിടിച്ച് മോചിപ്പിച്ചതവിടുന്നാണെന്ന് കൃതജ്ഞതയോടെ അവർ അനുസ്മരിക്കുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും മനുഷ്യാതീത കഴിവുകളോ ഗുണങ്ങളോ അദ്ദേഹത്തിലാരോപിക്കാനവർക്ക് അനുവാദമില്ല. വസ്തുത ഇതാണെങ്കിൽ, പിന്നെ അതിലെത്രയോ താണ പദവിയിലുള്ള മറ്റു പുണ്യവാളന്മാരെ കുറിച്ച ഇസ്ലാമിന്റെ കാഴ്ചപ്പാടെന്തായിരിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. ഏതായാലും പുണ്യവാള പൂജക്ക് യാതൊരു പഴുതും വെക്കാതെയാണ് പ്രവാചകൻ(സ) തന്റെ ദൗത്യം പൂർത്തിയാക്കിയത്.

### പുണ്യവാള പൂജ മുസ്ലിംകളിലേക്ക്

ഡോ. അലി ശരീഅത്തി എഴുതുന്നു: "ഏകദൈവമതത്തിന്റെ പ്രവാചകന്മാർ രംഗത്തു വന്നപ്പോഴെല്ലാം ബഹുദൈവവാദികൾ അവർക്കെതിരിൽ നിലയുറപ്പിച്ചിരുന്നു. ഇവർ പ്രവാചകന്മാരോട് പരാജയപ്പെടുകയും നിഷ്ക്രമിക്കുകയും ചെയ്തുവെന്നതിരിക്കട്ടെ, പിന്നീട് ഇവരുടെ പിന്മുറക്കാർ ഏകദൈവവിശ്വാസത്തിന്റെ വേഷമണിഞ്ഞാണ് പ്രത്യക്ഷപ്പെടുക.

"മൂസാ പ്രവാചകന്റെ ബദ്ധവൈരി ബിലെയാം ഏകദൈവ പ്രസ്ഥാനത്തിന്റെ മുമ്പിൽ പരാജയപ്പെട്ടു. പക്ഷേ, അയാൾ അടങ്ങിയിരുന്നില്ല. മൂസായുടെ മതത്തിന്റെ പുരോഹിതനായി വീണ്ടും പ്രത്യക്ഷപ്പെട്ടു. ബിലെയാമിന്റെ പിന്മുറക്കാരാണ് ഈസാ പ്രവാചകനെ പീഡിപ്പിച്ച പരീഷമാർ. ഇവർ ഈസാക്കും ഏകദൈവവിശ്വാസത്തിനുമെതിരിൽ അണിനിരന്നവരുടെ പിന്മുറക്കാരോ മൂസായോടൊപ്പം പലായനം ചെയ്തവരുടെ സന്തതികളോ ആയിരുന്നു. അവർ പഴയ ബിലെയാമും സമരിയക്കാരനും തന്നെ. അവരിപ്പോൾ മൂസായുടെ കുപ്പായമണിഞ്ഞ് ഈസാക്കെതിരെ അണിനിരന്നിരിക്കുന്നുവെന്ന് മാത്രം.

"ഇനി, ഈസായുടെ അനുയായി

കളെന്ന് അവകാശപ്പെടുന്നവരുടെ അവസ്ഥയോ? മധ്യയുഗത്തിലെ ക്രൈസ്തവ പുരോഹിതന്മാരാണ് മതത്തിന്റെ പേരിൽ ഏറ്റവുമധികം ക്രൂരകൃത്യങ്ങൾ ചെയ്തത്. ശാന്തിയുടെയും സ്നേഹത്തിന്റെയും കേദാരമായിരുന്ന ഈസായുടെ പേരിൽ ഏറ്റവുമധികം ക്രൂരകൃത്യങ്ങൾ മംഗോളിയർ പോലും സ്വപ്നേപി സങ്കൽപിച്ചിരുന്നില്ല. ആരായിരുന്നു ഈ പുരോഹിതർ? ഈസാ ജീവിച്ചിരുന്നകാലത്ത് ഏകദൈവവിശ്വാസത്തിനും സത്യത്തിനുമെതിരിൽ അണിനിരന്നിരുന്ന പുരോഹിത വർഗം. ഇവർ പിന്നീട് ഈസാ മാർഗത്തിന്റെ കാവൽഭടന്മാരായി മാറുകയായിരുന്നു. ഈസാ പ്രവാചകൻ പ്രബോധനം ചെയ്ത ഏകദൈവമതത്തെ അതിന്റെ പ്രചാരകരും സംരക്ഷകരുമായി ചമഞ്ഞ് ബഹുദൈവവാദത്തിന്റെ തൊഴുത്തിൽ കൊണ്ടുപോയി കെട്ടിയവർ.

"…. ബഹുദൈവവാദം മൂസായുടെയും ഈസായുടെയും പേരിലാണ് മധ്യയുഗത്തിൽ ഭരണം നടത്തിയത്. അവർ തികഞ്ഞ ഏകദൈവവിശ്വാസികളായിരുന്നു. എന്നാൽ, അവരുടെ അനുയായികൾ ഭരണം നടത്തിയതും ഇന്ന് ആധിപത്യം വാഴുന്നതും ബഹുദൈവവാദത്തിന്റെ അടിസ്ഥാനത്തിലാണ്……"[1]

പിൽക്കാല മുസ്‌ലിം ചരിത്രത്തിൽ ഇസ്‌ലാം അടച്ചാക്ഷേപിച്ച പുണ്യവാള പൂജ ശക്തമായ തോതിൽ സ്വാധീനം ചെലുത്താനിടയായ സാഹചര്യങ്ങൾ വിലയിരുത്തുമ്പോൾ, ചരിത്രത്തിന്റെ തനിയാവർത്തനം തന്നെ അവിടെയും സംഭവിച്ചുവെന്ന ഞെട്ടിക്കുന്ന സത്യമാണ് നാം കാണുന്നത്. പിൽക്കാല ഇസ്‌ലാമിക ചരിത്രത്തിന്റെ ഗതി തിരിച്ചുവിട്ട അബ്ദുല്ലാഹിബ്നു സബഉം അബ്ദുല്ലാഹിബ്നു മൈമൂനും മുൻചൊന്ന ഇസ്‌ലാമി കവിരോധികളുടെ പുനരവതാരങ്ങളായിരുന്നു.

## അബ്ദുല്ലാഹിബ്നു സബഅ്

ഹ്രസ്വകാലത്തിനിടക്കുള്ള ഇസ്‌ലാമിന്റെ ജൈത്രയാത്ര ശത്രുക്കളെ ഒന്നടങ്കം അമ്പരപ്പിക്കുകയായിരുന്നു. അറേബ്യയിലെ വിഗ്രഹാരാധകരെ മാത്രമല്ല, ചുറ്റു ഭാഗത്തും താമസിച്ചിരുന്ന ജൂതരെയും പേർഷ്യക്കാരെയുമെല്ലാം ഇത് അലോസരപ്പെടുത്തി. ഇസ്‌ലാമിനെതിരെ ജൂത ലോബി നടത്തിക്കൊണ്ടിരുന്ന പടയോട്ടം ചരിത്രവിദ്യാർഥികൾക്ക് അജ്ഞാതമല്ല. പക്ഷേ, പരാജയമായിരുന്നു എവിടെയും അവരെ വരവേറ്റത്. ആയുധസമരത്തിലൂടെ ഇസ്‌ലാമിനെ വെല്ലാൻ സാധ്യമല്ലെന്ന് അനുഭവത്തിലൂടെ മനസ്സിലാക്കിയ ശത്രുക്കൾ, ഇസ്‌ലാമിനകത്ത് കയറി ചതിപ്രയോഗത്തിലൂടെ അതിനെ നശിപ്പിക്കുകയെന്ന തന്ത്രമാണ് പിന്നീട് പുറത്തെടുത്തത്. അതേ, ഇസ്‌ലാമിന്റെ മുഖംമൂടിയണിഞ്ഞ്, വിശ്വാസികളുടെ പ്രീതിയും വിശ്വസ്തതയും നേടി, ക്രമേണ അവർക്കിടയിൽ വിശ്വാസ ദൗർബല്യവും ശൈഥില്യവുമുണ്ടാക്കി അവരെ ഇസ്‌ലാമിൽനിന്നകറ്റുക.

ഈ ലക്ഷ്യം നേടാൻ നിയോഗിതരായ നിരവധിയാളുകളിൽ ഒരാൾ മാത്രമാണ് യമൻ ജൂതനായിരുന്ന അബ്ദുല്ലാഹിബ്നു സബഅ്. ഇബ്നു സൗദാഅ് എന്നും ഇയാൾ അറിയപ്പെടുന്നു.

ഖലീഫാ ഉസ്മാൻ(റ) ഖിലാഫത്ത് ഏറ്റെടുത്തതിനോടനുബന്ധിച്ചുണ്ടായ വിവാദ പശ്ചാത്തലത്തിലായിരുന്നു ഇയാൾ തന്റെ ദൗത്യമാരംഭിച്ചത്. ഇക്കാലത്ത് ഇസ്‌ലാമാശ്ലേഷിച്ച ഇയാൾ, 'നബി കുടുംബപ്രേമ'മായിരുന്നു തന്റെ ലക്ഷ്യപ്രാപ്തിക്കുള്ള മാധ്യമമായി സ്വീകരിച്ചത്. ഖലീഫമാരിൽനിന്നും നബികുടുംബത്തിലേക്ക് അധികാരം മാറ്റപ്പെടണമെന്ന് പറഞ്ഞുകൊണ്ടായിരുന്നു രംഗപ്രവേശം.[2] അലി(റ)യുടെ പേരിൽ, ഉസ്മാനെ(റ)തിരെ ഈജിപ്തുകാരെ ഇളക്കിവിട്ടതും അലി-ത്വൽഹ-സുബൈർ എന്നിവർക്കിടയിലെ രക്തച്ചൊരിച്ചിലിനും ഉസ്മാന്റെ വധത്തിനും ഹേതുഭൂതനായതും ഇയാളാണെന്ന് പറയപ്പെടുന്നു.[3] തദാവശ്യാർഥം അയാളുപയോഗിച്ച ആയുധം പുണ്യവാള പൂജയായിരുന്നുവെന്നതാണ് ഞെട്ടിക്കുന്ന വസ്തുത. അബ്ദുൽ ഖാഹിറിൽ ബഗ്ദാദിയുടെ വാക്കുകളിൽ ഇത് നമുക്ക് ഇങ്ങനെ വായിക്കാം:

"…… ഇസ്‌ലാം അഭിനയിച്ച ഇയാൾ കൂഫയിൽ മേധാവിത്വവും കമ്പോളവും ആഗ്രഹിക്കുകയായിരുന്നു. 'ഓരോ പ്രവാചകനും ഓരോ വസ്വിയ്യ് ഉണ്ടായിരിക്കും. മുഹമ്മദിന്റെ(സ) വസ്വിയ്യ് അലിയാണ്. മുഹമ്മദ് ഉത്തമ പ്രവാചകനായതു പോലെ അലി ഉത്തമ വസ്വിയ്യുമാണ്' എന്നെല്ലാം താൻ തൗറാത്തിൽ കണ്ടതായി ഇയാൾ അവരോട് പറഞ്ഞു. ഇതു കേട്ട അലിപക്ഷം, 'ഇയാൾ അങ്ങയോട് സ്നേഹമുള്ളവനാണെ'ന്ന് അലി(റ)യെ അറിയിക്കുകയും അദ്ദേഹം അയാൾക്ക് മഹത്വം കൽപിച്ച് തന്റെ പ്രസംഗപീഠത്തിന്റെ പടിക്ക് താഴെ ഇരുത്തുകയും ചെയ്തു. പക്ഷേ, ഇയാൾ അതിശയോക്തിപരമായ കാര്യങ്ങൾ തന്നിലാരോപിക്കുന്നുവെന്ന് മനസ്സിലാക്കിയ അലി(റ) പിന്നീടയാളെ വധിക്കാനുദ്യമിക്കുകയായിരുന്നു. 'ഇയാളെ വധിച്ചാൽ അങ്ങയുടെ ആളുകൾ കോപിക്കും, ശാമുകാരുമായി യുദ്ധത്തിനൊരുങ്ങുന്ന ഈ ഘട്ടത്തിൽ അനുയായികളെ അനുനയിപ്പിക്കുകയാണ് വേണ്ടതെ'ന്നു പറഞ്ഞ് ഇബ്നു അബ്ബാസായിരുന്നു അതിന് തടസ്സം നിന്നത്. അവസാനം, കുഴപ്പം ഭയന്ന് ഇയാളെ മദാഇനിലേക്ക് നാടുകടത്തുകയായിരുന്നു."[4]

അലി(റ)യിൽ ഇയാളരോപിച്ചിരുന്ന അതിശയോക്തിപരമായ കാര്യങ്ങളെന്തായിരുന്നുവെന്ന് അഹ്മദ് അമീന്റെ വാക്കുകളിൽനിന്ന് മനസ്സിലാക്കാം: "അലി(റ)യിൽ ഏറ്റവുമാദ്യം ദിവ്യത്വമാരോപിച്ചത് ജൂതനായിരുന്ന അബ്ദുല്ലാഹിബ്നു സബഅ് ആയിരുന്നു. അലി(റ)യുടെ ജീവിതകാലത്തായിരുന്നു സംഭവം….. ഉസ്മാനെ(റ)തിരെ ഈജിപ്തിലാദ്യമായെത്തിയ ഏറ്റവും പ്രമുഖൻ ഇയാളായിരുന്നു. ഇപ്പോഴയാൾ അലി(റ)യിൽ ദിവ്യത്വമാരോപിച്ചിരിക്കുകയാണ്. ഇസ്‌ലാമിക നിർമൂലനാർഥം ചില സിദ്ധാന്തങ്ങൾക്ക് രൂപം നൽകി അവയുടെ പ്രചാരണാർഥം ഒരു ഗൂഢസംഘം രൂപീകരിച്ചുവെന്നാണിയാളുടെ ചരിത്രത്തിൽനിന്ന് മനസ്സിലാകുന്നത്. തന്റെ ഇംഗിതം ഗുപ്തമാക്കിവെക്കാനുള്ള ഒരു കവചമായായിരുന്നു ഇയാൾ ഇസ്‌ലാം സ്വീകരിച്ചത്. പിന്നെ ബസ്വറയിലെത്തി പ്രചാരണമാരംഭിച്ചപ്പോൾ ആട്ടിയോടിക്കപ്പെട്ടു. അനന്തരം കൂഫയിൽനിന്നും പുറത്തായി ഈജിപ്തിലെത്തി. അപ്പോഴാണ് പരിസരങ്ങളിലുള്ള ചില ആളുകൾ ചുറ്റിപ്പറ്റിയത്. 'വിസ്വായത്', 'റജ്അത്' എന്നിവയായിരുന്നു പ്രശസ്തമായ സിദ്ധാന്തങ്ങൾ…. അലി(റ)യിൽനിന്നും അനർഹമായ രീതിയിൽ ഖിലാഫത്ത് തട്ടിയെടുക്കുകയാണ് ഉസ്മാൻ(റ) ചെയ്തതെന്ന് വാദിച്ച ഇയാൾ അദ്ദേഹത്തിനെതിരെ ഈജിപ്തുകാരെ സംഘടിപ്പിക്കുകയെന്ന അടിസ്ഥാനത്തിലായിരുന്നു 'വിസ്വായത്' പ്രയോഗിച്ചത്. ഉസ്മാനെ(റ)തിരെ ഉന്നയിക്കപ്പെട്ട ചില ആരോപണങ്ങൾ, തന്റെ വാദത്തിനുപോദ്ബലകമായി ഇയാൾ എടുത്തു കാണിച്ചു. മുഹമ്മദ് നബി(സ) തിരിച്ചുവരുമെന്ന് പറഞ്ഞുകൊണ്ടായിരുന്നു 'റജ്അത്' വാദമാരംഭിച്ചത്. 'ഈസാ(അ) തിരിച്ചുവരുമെന്ന് പറയുന്നവരെ അംഗീകരിക്കുകയും മുഹമ്മദ് (സ) തിരിച്ചുവരുമെന്ന് പറയുന്നവരെ നിഷേധിക്കുകയും ചെയ്യുന്നവരുടെ കാര്യം അത്ഭുതംതന്നെ' എന്നായിരുന്നു വാദം. പിന്നീട്, നബി(സ)യുടെ തിരിച്ചുവരവിന്റെ കാര്യത്തിൽനിന്നും എന്തുകൊണ്ടോ പിന്തിരിയുകയും അലി(റ) തിരിച്ചുവരുമെന്ന് വാദിക്കുകയുമായിരുന്നു."[5] ഇൽയാസ് നബി(അ) തിരിച്ചുവന്ന് മതവും നിയമവും പുനഃസ്ഥാപിക്കുമെന്ന് വാദിക്കുന്ന ജൂതരിൽനിന്നാണ് ഇയാൾ 'റജ്അത്' വാദം സ്വീകരിച്ചത്. ആദ്യകാലത്ത് ക്രിസ്ത്യാനികളിലും ഈ ചിന്താഗതിയുണ്ടായിരുന്നു. ഇമാമുമാരുടെ ഗൂഢവാസം, അവർ ഒളിവിൽനിന്ന് തിരിച്ചുവന്ന് ഭൂമിയിൽ നീതി നിറക്കുക എന്നീ വിശ്വാസങ്ങളായി ഈ ചിന്താഗതി ശീഈകൾക്കിടയിൽ പരിണമിക്കുകയായിരുന്നു.[6]

അലി(റ)ക്ക് ബൈഅത്ത് ചെയ്യവെ, 'അങ്ങാണ് ഭൂമി സൃഷ്ടിച്ചതും ആഹാരം വിശാലമാക്കിയതു'മെന്ന് പറഞ്ഞ് ഇയാൾ

അദ്ദേഹത്തെ അഭിസംബോധന ചെയ്തുവെന്നും അങ്ങനെ മദാഇനിലെ അസ്ബാത്വിലേക്കിയാളെ നാടുകടത്തിയെന്നും സിറക്‌ലി, ഇബ്നു അസാകിറിനെ ഉദ്ധരിച്ച് എഴുതുന്നു.[7] ഈ സന്ദർഭത്തിൽ അബൂബക്റി(റ)നെയും ഉമറി(റ)നെയും പ്രകീർത്തിക്കുകയും അവരെ അധിക്ഷേപിക്കുന്നവരെ ശക്തിയായ ഭാഷയിൽ ആക്ഷേപിക്കുകയും ചെയ്തുകൊണ്ട് അലി(റ) നടത്തിയ സുദീർഘവും വികാരോജ്ജ്വലവുമായ പ്രഭാഷണം 'തൗഖുൽ ഹമാമഃ ഫീ മബാഹിമിൽ ഇമാമഃ' എന്ന കൃതിയിൽ വിശദമായി വിവരിച്ചിട്ടുണ്ട്.

മദാഇനിൽ വെച്ചാണ് അലി(റ)യുടെ മരണവിവരം ഇയാൾക്ക് കിട്ടിയത്. വിവരമറിയിച്ചയാളോട് ഇയാൾ പറഞ്ഞു: 'ദൈവശത്രു. നീ പറയുന്നത് നുണ. പടച്ചവനാണ, ഒരു സഞ്ചിയിൽ അദ്ദേഹത്തിന്റെ ശിരസ്സുമായി നീതിമാന്മാരായ എഴുപതു പേർ, അദ്ദേഹം വധിക്കപ്പെട്ടുവെന്ന് സാക്ഷിപറഞ്ഞാൽ പോലും നിന്നെ ഞങ്ങൾ അംഗീകരിക്കുകയില്ല. അദ്ദേഹം മരിക്കുകയില്ലെന്ന് ഞങ്ങൾക്കറിയാം.' പിന്നെ, അലിയുടെ കുടുംബത്തിലെത്തിയ ഇബ്നു സബഉം അനുയായികളും പറഞ്ഞു: 'തന്റെ തെളിവുകളും പ്രമാണങ്ങളും കൊണ്ട് അറബികളെ നയിച്ചതുപോലെ, വാളും ചാട്ടവാറും കൊണ്ട് അവരെ നയിക്കുന്നതുവരെ അലി വധിക്കപ്പെടുകയോ മരണപ്പെടുകയോ ഇല്ലെന്ന് ഞങ്ങൾക്കറിയാം.'[8]

അലി(റ)യുടെ വധത്തോടെ ഇബ്നു സബഅ് ശക്തിയാർജിക്കുകയായിരുന്നു. മദാഇനിലെ ചില തെമ്മാടികൾ ഇയാളുടെ സഹായികളായി. തന്റെ കുത്സിതാശയങ്ങൾ ഇയാൾ വികസിപ്പിച്ചുകൊണ്ടേയിരുന്നു. 'അല്ലാഹുവാണ, കൂഫാ പള്ളിയിൽ അലിക്കു വേണ്ടി രണ്ട് പുഴകൾ ഉറവ പൊട്ടുകയും ഒന്നിൽ തേനും മറ്റേതിൽ വെണ്ണയും ഒഴുകുകയും ചെയ്യും. അലിപക്ഷം അതിൽനിന്ന് പാനം ചെയ്യുക.'[9] അനുയായികളോടയാൾ പറഞ്ഞു: 'അലി മരിച്ചിട്ടില്ല. അദ്ദേഹത്തിൽ ദൈവികാംശമുണ്ട്. ആർക്കും അദ്ദേഹത്തിനുമേൽ ആധിപത്യം നടത്താൻ അനുവാദമില്ല. മേഘത്തിൽ വരുന്നത് അദ്ദേഹമാണ്. ഇടിനാദം അലിയുടെ ശബ്ദവും മിന്നൽ പുഞ്ചിരിയുമാണ്. പിന്നീടദ്ദേഹം ഭൂമിയിൽ ഇറങ്ങിവന്ന് അതിനെ നീതിയാൽ നിറക്കും.'[10]

ഇങ്ങനെ നബികുടുംബപ്രേമമെന്ന മുഖംമൂടിയണിഞ്ഞുകൊണ്ട് ജൂതമനസ്സോടെ ഇസ്‌ലാമിനെ ഉള്ളിൽനിന്ന് നശിപ്പിക്കാനായി കച്ചകെട്ടിയിറങ്ങിയ ഇബ്നു സബഉം അനുയായികളും 'സബഇയ്യാ' എന്നറിയപ്പെടുന്നു. 'തബ്തിഇയ്യാ' എന്നാണ് ഇവരുടെ മറ്റൊരു പേര്. സൽമാനുൽ ഫാരിസി, അബൂദർറ്, അമ്മാറുബ്നു യാസിർ തുടങ്ങിയ ഏതാനും സ്വഹാബിമാരൊഴിച്ച് ബാക്കിയുള്ള സ്വഹാബിമാരെല്ലാം അവിശ്വാസികളോ കപടവിശ്വാസികളോ ആണെന്നിവർ പറയുന്നു[11].

ചുരുക്കത്തിൽ, ഇസ്‌ലാമിനെതിരായ ശത്രുഗൂഢാലോചനയുടെ സുപ്രധാന കണ്ണിയായിരുന്നു അബ്ദുല്ലാഹിബ്നു സബഅ്. തന്റെ ദൗത്യനിർവഹണത്തിന് ഇസ്‌ലാമിന്റെ കവചമണിഞ്ഞ ഇയാൾ മതപരമായും രാഷ്ട്രീയമായും മുസ്‌ലിംകൾക്കിടയിൽ ഭിന്നിപ്പും സംശയങ്ങളുമുണ്ടാക്കാൻ കഠിനയത്നം നടത്തി. 'അഹ്‌ലുബൈത്ത് പ്രേമം' മുഖമുദ്രയാക്കിയെടുത്ത് ഇസ്‌ലാമിന്റെ അടിസ്ഥാനശിലയായ ഏകദൈവത്വത്തിന്റെ മുരടിളക്കുകയായിരുന്നു ഇയാൾ ചെയ്തത്. ജൂത-ക്രൈസ്തവർ ചെയ്തിരുന്നതുപോലെ പുണ്യവാളന്മാരിൽ ദിവ്യത്വമാരോപിക്കുകവഴിയാണ് ഇയാൾക്കും അനുയായികൾക്കും ഇതിന് കഴിഞ്ഞത്.

(തുടരും)

കുറിപ്പുകൾ


1. അലി ശരീഅത്തി: *മതം മതത്തിനെതിരെ*. പേജ് 41,42 (മലയാള പരിഭാഷ, ഇസ്‌ലാമിക് ഫൗണ്ടേഷൻ, അരീക്കോട്)
2. Prof. Masudul Hassan: *History of Islam*. 1/124 (Adam Publishers & Distributors, Delhi)
3. Encyclopaedia of Islam 1/51
4. അബ്ദുൽ ഖാഹിറിൽ ബഗ്ദാദി: *അൽഫർഖു ബൈനൽ ഫിറഖ്*. പേജ് 225 Syed Athar Hussain: The Glorious Caliphate. pp 114,115
5. അഹ്മദ് അമീൻ: *ഫജ്റുൽ ഇസ്‌ലാം*. പേജ് 269, 270
6. Ibid
7. ഖൈറുദ്ദീൻ സിറക്‌ലി: അൽഅഅ്ലാം 4/88
8. സ്വാബിർ ത്വഈമ: *ദിറാസാതുൻ ഫിൽ ഫിറഖ്* പേജ് 84,85
9. *അൽഫർഖു ബൈനൽ ഫിറഖ്*, പേജ് 225
10. ശഹ്റിസ്താനി: *അൽമിലൽ വന്നിഹൽ* 1/174
11. *മുഖ്തസർ തുഹ്ഫതിൽ ഇസ്നൈ അശരിയ്യ* പേജ് 3